LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സബ്ജക്ട് കമ്മിറ്റി അവിടെപ്പോയി പഠിക്കുവാൻ ഏർപ്പാടുണ്ടാക്കണം.

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് പോകുവാൻ പേടിയില്ല. ഞാൻ പോകാം. ഒരുകാര്യം ചെയ്യാം, അങ്ങ് സമ്മതിക്കുകയാണെങ്കിൽ നമ്പർ III സബ്ജക്ട് കമ്മിറ്റി മേക്കര ഡാം സന്ദർശിച്ച് പരിശോധിക്കട്ടെ. അവിടത്തെ സ്ഥിതി എന്താണെന്ന് നോക്കാം. അദ്ദേഹം പറഞ്ഞ പറമ്പിക്കുളം അലിയാർ പ്രോജക്ടിൽ ഒരു എഗ്രിമെന്റ് തമിഴ്നാടുമായി വച്ചിട്ടുണ്ട്. ആ എഗ്രിമെന്റിന്റെ വയലേഷനാണ്. പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് സംബന്ധിച്ച് ഒരു എഗ്രിമെന്റ് ഇല്ല. രണ്ടും രണ്ടാണ്. പ്രതിപക്ഷ നേതാവുമായി ഒരു തർക്കത്തിനില്ല. സ്റ്റേറ്റിന്റെ കോമൺ ഇന്ററസ്റ്റാണ്. അതുകൊണ്ട് നമുക്ക് രണ്ടു കൂട്ടർക്കും ഈ കാര്യത്തിൽ യോജിച്ചുതന്നെ നിൽക്കാം. ഇക്കാര്യത്തിൽ ഡിഫറൻസ് ഓഫ് ഒപ്പീനിയൻ ആവശ്യമില്ലല്ലോ. നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കുവാനുള്ള കാര്യത്തിൽ ഈ സഭ ഒന്നായിട്ട് നിൽക്കാം. ഈ സ യുടെ പ്രതിഷേധം വേണമെങ്കിൽ ഒന്നുകൂടി കേന്ദ്ര ഗവൺമെന്റിനെ നമുക്ക് അറിയിക്കാം. പറഞ്ഞല്ലോ, വേണമെങ്കിൽ സ്പീക്കറുമായി ആലോചിച്ച് റസല്യൂഷൻ എടുക്കാമെന്ന്.

മി. സ്പീക്കർ : വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടും പ്രതിപക്ഷ നേതാവ് സ യിൽ ഉന്നയിച്ചതുകൊണ്ടും സബ്ജക്ട് കമ്മിറ്റി അവിടെപ്പോയി കാണട്ടെ. I will give permission for the Subject Committee to visit that place.

(2) വാദ്യത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വളരെ അസംഘടിതമായിട്ടുള്ള ഒന്നര ലക്ഷത്തോളം വരുന്ന വാദ്യ കലാകാരന്മാരുടെ ജീവിതത്തിൽ പുരോഗതി ഉണ്ടാക്കണമെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഒരു വർഷത്തിൽ വളരെ പരിമിതമായ ജോലി മാത്രമാണ് വാദ്യകലാകാരന്മാർക്ക് കിട്ടുന്നത്. നമ്മുടെ ആഘോഷങ്ങൾക്കും ഉൽസവങ്ങൾക്കും പെരുന്നാളുകൾക്കുമെല്ലാംതന്നെ പൊലിമ കൂട്ടുന്നതിനുവേണ്ടി പണിയെടുക്കുന്ന ഒന്നര ലക്ഷത്തോളം വരുന്ന ഈ കലാകാരന്മാരുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണെന്ന് ഞാൻ പറയാതെതന്നെ ബഹുമാനപ്പെട്ട അങ്ങേയ്ക്കും ഈ സഭയ്ക്കും, ബഹുമാനപ്പെട്ട മന്ത്രിക്കും ഒക്കെ അറിയാവുന്നതാണ്. മറ്റ് എല്ലാ തൊഴിലാളികൾക്കും വിവിധ രീതിയിലുള്ള ക്ഷേമ പെൻഷൻ പദ്ധതികളുണ്ട്. ഒന്നര ലക്ഷംവരുന്ന വാദ്യ കലാകാരന്മാർക്കും കൂടി പെൻഷനും ക്ഷേമ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറഞ്ഞത് ഇവരൊക്കെ കലാകാരന്മാരാണ് എന്നാണ്. തൊഴിൽ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു പ്രശ്നമാണ്. ഇവർ കലാകാരന്മാരാണോ തൊഴിലാളികളാണോ എന്ന വിവേചനത്തിന്റെ പ്രശ്നമുണ്ട്. എന്തായാലും ജീവിക്കുവാൻവേണ്ടി ഒരു തൊഴിൽ എടുക്കുന്നവരാണ് എന്ന, കുറച്ചുകൂടെ ലിബറൽ ഇന്റർപ്രെട്ടേഷൻ എടുത്ത്

ഇവർക്ക് പ്രത്യേകമായ ക്ഷേമനിധിക്കുള്ള സാധ്യതകൾ തീർച്ചയായും പരിശോധിക്കാം. ഒന്നര ലക്ഷത്തോളംവരുന്ന ഇവർക്ക് ക്ഷേമനിധിയും മറ്റ് എന്തൊക്കെയും ചെയ്യാൻ കഴിയും എന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതിന് ആവശ്യമായ പഠനം നടത്താൻ ഏജൻസിയെ നിയോഗിക്കുന്നതാണ്.

(3) കഞ്ചിക്കോട് വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പാലക്കാട് കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ട അടിയന്തിര ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാം. വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ രണ്ടാമത്തെ വ്യവസായ മേഖലയായി വളർന്നുവന്ന പ്രദേശമാണ് കഞ്ചിക്കോട്. അവിടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ബി.പി.എൽ. ഏരിയയിൽ 9, ഇൻഡസ്ട്രിയൽ ഏരിയയിൽ 18, ന്യൂ ഇൻഡസ്ട്രിയൽ ഏരിയയിൽ 26, വാളയാർ ഏരിയയിൽ 10 അങ്ങനെ 63 വ്യവസായ സ്ഥാപനങ്ങൾ ഏറെക്കുറെ പൂട്ടിക്കഴിഞ്ഞു. 3123 തൊഴിലാളികൾക്ക് പണിയില്ലാതായി. ഈ വ്യവസായ തകർച്ചയെ മുതലെടുത്തുകൊണ്ട് കരാർ വ്യവസ്ഥയുടെ പേരിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് വ്യാപകമായി വരുകയാണ്. ഈ സ്ഥിതി പ്രത്യേകം പരിഗണിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട തൊഴിൽ കാര്യ മന്ത്രിയും ജനപ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ആലോചിച്ച് പരിഹാരമുണ്ടാക്കേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കുഴൽമന്ദം എം.എൽ.എ.യും ഒക്കെ സൂചിപ്പിച്ച കാര്യമാണിത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കഞ്ചിക്കോട് വ്യവസായ മേഖലയിൽ വന്നിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യാൻ അവിടെ ഒരു യോഗം വിളിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട കെ.എ. ചന്ദ്രനും ശ്രീ. എ.കെ. ബാലനും ഒക്കെ ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. അവിടെ മീറ്റിംഗ് വിളിക്കാം. അതിൽ ഈ പ്രശ്നങ്ങളൊക്കെ ചർച്ച ചെയ്യാം.

(4) പുനലൂർ പേപ്പർ മിൽ തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ : സർ, പുനലൂർ പേപ്പർ മിൽ കഴിഞ്ഞ 16 വർഷമായി അടഞ്ഞുകിടക്കുകയാണ്. മിൽ തുറക്കുന്നതു സംബന്ധിച്ച് ചില തീരുമാനങ്ങൾ എടുത്തിരുന്നു. ധനകാര്യ സ്ഥാപനങ്ങളുമായി മാനേജ്മെന്റ് ചർച്ച നടത്തി. കോടതി നിയമിച്ച റിസീവറെ മാറ്റുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കണമെന്നും മിൽ തുറക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുമെന്നും എല്ലാപേരുമായി ചർച്ച ചെയ്ത് ഒരു ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുമെന്നും ഏതാണ്ട് 2003 ജനുവരിയോടുകൂടി മിൽ തുറന്നു പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന തരത്തിലാണ് ധാരണയുണ്ടായത്. അതു സംബന്ധിച്ച് എന്തൊക്കെ

LIBRARY ARCHIVES Kerala Legislative Assembly